റടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് മുഖേനയും ഡോക്ടർമാരെ താല്ക്കാലിക മായി നിയമിച്ചു. മരുന്നും ഉപകരണങ്ങളും ആവശ്യം കണക്കിലെടുത്തും സാമ്പത്തിക നിലയ്ക്കനുസൃതമായും ലഭ്യമാക്കി. കൂടുതൽ വാർഡുകൾ പ്രവർത്തനക്ഷമമാക്കി. കൂടുതൽ പി.എച്ച്.സി., സി.എച്ച്.സി ആയുർവേദ/ ഹോമിയോ ഡിസ്പെൻസറികൾ ഇവ ആരംഭിച്ചു. തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഹൃദയ ശസ്ത്രക്രിയാ സംവി ധാനം ഏർപ്പെടുത്തി. ആർ.സി.എച്ച്. പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി. ആധുനിക ചികിത്സോപകരണങ്ങൾ കൂടുതലായി ലഭ്യമാക്കി. കൂടുതൽ ബ്ലഡ് ബാങ്കുകൾ പ്രവർത്തനം ആരംഭിച്ചു.

117 (743) പുതിയ ഡെന്റൽ കോളേജ് ആരംഭിക്കാൻ നടപടി

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദന്ത ഡോക്ടർമാരുടെ ദൗർലഭ്യം അനുഭവപ്പെ ടുന്നുണ്ടോ;

(ബി) ദന്ത ഡോക്ടർമാരുടെ ആവശ്യം കൂടുതൽ വേണ്ടിവരുന്നത് കണ ക്കിലെടുത്ത് പുതിയ ഡെന്റൽ കോളേജ് തുടങ്ങാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ദന്ത ഡോക്ടർമാർക്ക് ദൗർലഭ്യം അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) ഇപ്പോൾ ഇങ്ങനെയൊരു നിർദ്ദേശം പരിഗണനയിലില്ല.

118 (744) മെഡിക്കൽ കോളേജ് ആശുപത്രികളിലെ നഴ്സുമാരുടെ എണ്ണം

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിൽ നഴ്സുമാരുടെ എണ്ണം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണ്;

(ബി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇപ്പോൾ എത്ര നഴ്സുമാർ ഉണ്ട്;

(സി) ബഡ്ഡുകളുടെ എണ്ണം മാനദണ്ഡമാക്കുമ്പോൾ ആശുപത്രി വാർഡുകളിൽ നിലത്തുകിടക്കുന്ന രോഗികളെ കണക്കിലെടുക്കാറുണ്ടോ;

(ഡി) ജനറൽ വിഭാഗത്തിൽനിന്ന് നഴ്സുമാരെ സ്പെഷ്യൽ യൂണിറ്റി ലേയ്ക്ക് മാറ്റാറുണ്ടോ;

(ഇ) ഇതുമൂലം വരുന്ന ഒഴിവ് നികത്താറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നഴ്സുമാരുടെ അധ്വാനഭാരം കുറയ്ക്കാൻ നടപടി കൈക്കൊള്ളുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആറ് കിടക്കകൾക്ക് ഒരു നഴ്സ് എന്നതാണ് ഇപ്പോൾ നിലവിലുള്ള മാനദണ്ഡം.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇപ്പോൾ 317 സ്റ്റാഫ് നഴ്സുമാരും 88 ഹെഡ് നഴ്സുമാരും ഉൾപ്പെടെ 405 പേർ സേവനം അനുഷ്ഠിക്കുന്നു.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ജനറൽ വിഭാഗത്തിൽനിന്നും നഴ്സുമാരെ സ്പെഷ്യൽ യൂണിറ്റിലേയ്ക്ക് മാറ്റുന്നതുകൊണ്ട് ഒഴിവുകൾ ഉണ്ടാകാറില്ല.

(എഫ്) അധ്വാനഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രധാനപ്പെട്ട ആശുപത്രികളിൽ നഴ്സുമാർക്ക് 3 ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

119 (745) ഡോക്ടർമാരെ ഗ്രാമീണ ആശുപത്രികളിൽ നിയമിക്കാൻ നടപടി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഡോക്ടർമാർ ഗ്രാമീണാശുപത്രികളിൽ ഒരു വർഷം നിർബന്ധിത സേവനം നടത്തണമെന്ന സർക്കാർ ഉത്തരവ് പ്രകാരം ഡോക്ടർമാരെ ഗ്രാമീണ ആശുപത്രികളിൽ നിയമനം നടത്തുവാൻ നടപടികളാരംഭിക്കുമോ;

(ബി) ഇങ്ങനെ വരുന്ന ഡോക്ടർമാർ അകാരണമായി അവധിയിൽ പ്രവേശിച്ചാലും ഒരു വർഷം കർശന സേവനം നടത്തണമെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ഉത്തരവുകൾ പ്രകാരം ആരോഗ്യവകുപ്പിലെ ഡോക്ടർമാർ ഗ്രാമീണ ആശുപത്രികളിൽ രണ്ടുവർഷം സേവനമനുഷ്ഠിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ഡോക്ടർമാരെ ഗ്രാമീണ ആശുപത്രികളിൽ നിയമിക്കാറുണ്ട്.

(ബി)&(സി) രണ്ടുവർഷത്തെ സേവനം എന്നുള്ളത് യഥാർത്ഥ സേവനത്തെ ഉദ്ദേശിച്ചാണെന്നും കാഷ്വൽ ലീവും പ്രസവാവധിയുമല്ലാതെ മറ്റൊരവധിയും സേവനമായി കണക്കാക്കുകയില്ല എന്നും നിലവിലുള്ള ഉത്തരവിൽ എടുത്തുപറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly